27.1.23

30/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.560 (5)/2022/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.1782/SIC-G7/2022**

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ഉത്തരവ് തീയതി :. 30.12.2022**

**ശ്രീമതി നിഷാമോൾ പി.എച്ച്,**
**പുതുപ്പറമ്പിൽ വലിയപറമ്പിൽ ഹൗസ്, ഹൗസ് നം.20/327സി–1,**
**എസ്.എൻ.ഡി.പി.ബൈ റോഡ്, പള്ളുരുത്തി പി.ഒ, കൊച്ചി.** } **അപ്പീൽ ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **പത്തനംതിട്ട നഗരസഭ, പിൻ – 689 645.**
2. **അപ്പീൽ അധികാരി ,**
   **പത്തനംതിട്ട നഗരസഭ, പിൻ – 689 645.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 28.09.2021 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 28.10.2021 |
| ഒന്നാം അപ്പീൽ | 24.12.2021 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 28.12.2021 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 26.01.2022 |
| ഹിയറിംഗ് തീയതി, | 15.10.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അപ്പീലിനാധാരമായ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, കണ്ണങ്കരയിൽ ഹെ ഡേ ബാറിന്റെയും ഊട്ടി പച്ചക്കറിക്കടയുടെയും നേരെ മുന്നിൽ പ്രവർത്തിക്കുന്നതും, മഞ്ചേരിക്കുളം സൂപ്പർ മാർക്കറ്റ്, എസ്.എം.എൽ.ഫിനാൻസ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുമായ പുതുപ്പറമ്പിൽ ബിൽഡിംഗിന്റെ കെട്ടിട നമ്പർ, വാർഡ് നമ്പർ, കെട്ടിടം എത്ര ച.അടി, തണ്ണീർത്തടം എത്ര സെന്റാണ്, ഭൂമിയോ വയലോ, തണ്ണീർത്തടമോ, നിർമ്മാണ അനുമതി നൽകിയ വർഷത്തെ പ്ലാനിന്റെയും ആധാരത്തിന്റെ കരം അടച്ച രസീതിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ്

ലഭ്യമാക്കുക തുടങ്ങിയ വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നാളിതുവരെയായി യാതൊരുവിധ രേഖയും ലഭ്യമാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരിയും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് വളരെ നിരുത്തരവാദപരമായ മറുപടിയാണ് ലഭ്യമാക്കിയതെന്നും ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കിയില്ലെന്നും ആയതിനാൽ കൃത്യവും വ്യക്തവുമായ മറുപടി ലഭ്യമാക്കണമെന്നും ഹർജിക്കാരി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. അപ്പീൽ ഹർജിക്കാരി വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിട്ടുള്ള ആകെയുള്ള 12 ഇനങ്ങളിൽ 1 മുതൽ 3 വരെയുള്ള വിവരങ്ങൾക്ക് പത്തനംതിട്ട നഗരസഭ റവന്യൂ വിഭാഗം എസ്.പി.ഐ.ഒ. കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ, കെട്ടിടത്തിന്റെ വിസ്തീർണ്ണം, വയലോ തണ്ണീർത്തടമോ, എത്ര സെന്റാണ്, പ്ലാനിന്റെ പകർപ്പ്, പെർമിറ്റിന്റെ കോപ്പി തുടങ്ങിയ വിവങ്ങൾ ഉൾപ്പെടുന്ന ഫയലുകൾ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിലാണ് സൂക്ഷിക്കുന്നതെന്നും കൃത്യമായ ബിൽഡിംഗ് ആപ്ലിക്കേഷൻ നൽകിയ ആളിന്റെ പേര്, വിലാസം, ആപ്ലിക്കേഷൻ നൽകിയ വർഷം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ കൃത്യമായ മറുപടി നൽകുവാൻ സാധിക്കുയുള്ളൂവെന്നും ഹർജിക്കാരൻ നൽകിയ അപ്പീൽ പരിഗണിച്ച് റവന്യൂ സെക്ഷനിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തിരച്ചിൽ നടത്തിയതിൽ ടി ബിൽഡിംഗ് ബി.എ.നം.392/2003-04 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് 11.03.2004 ൽ ആണ് പെർമിറ്റ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് കാണുന്നുവെന്നും ടി കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്

260/2ഇ2 എന്നാണെന്നും ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽ ടി സർവ്വേ നമ്പരിൽപ്പെട്ട സ്ഥലം ഉൾപ്പെട്ടിട്ടുണ്ടെന്നും 2008 ൽ നെൽവയൽ തണ്ണീർത്തടനിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പാണ് ടി സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകിയിരുന്നതെന്നും നിലവിൽ നഗരസഭയിലെ ലഭ്യമായ ഫയലുകൾ വിശദമായി പരിശോധിച്ചതിൽ പ്രസ്തുത ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും 2018 ലെ പ്രളയത്തിൽ ഓഫീസിൽ വെള്ളം കയറുകയും നിരവധി ഫയലുകളും രേഖകളും നശിച്ചുപോയിട്ടുള്ളതാണെന്നും നശിച്ചവ തരംതിരിക്കുവാനോ ലിസ്റ്റ് ചെയ്യുവാനോ കഴിഞ്ഞിട്ടില്ലെന്നും നഗരസഭയിൽ നിലവിൽ ലഭ്യമായ എല്ലാ വിവരങ്ങളും ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പ്രളയത്തിൽ നശിച്ചുപോയെന്നും അറിയിച്ചിട്ട് ഫയൽ കണ്ടെത്തുന്ന മുറയ്ക്ക് ആവശ്യപ്പെട്ടിരിക്കുന്ന രേഖകളുടെ പകർപ്പ് നൽകുന്നതാണെന്നുമുള്ള രണ്ട് രീതിയിലുള്ള മറുപടിയാണ് എതിർകക്ഷി നൽകിയിരിക്കുന്നത്. കമ്മീഷനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള മൊഴിയും റിപ്പോർട്ടുമാണ് എസ്.പി.ഐ.ഒ. യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഹർജിക്കാരി അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടം ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ ഫയൽ പരിശോധിച്ച് വിവരം ലഭ്യമാക്കാവുന്നതേയുള്ളൂ. വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാതിരുന്നത് എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം

രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. അപ്പീൽ ഹർജിക്കാരി 28.09.2021 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരം വ്യക്തവും കൃത്യവുമായി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn